| | | |
|---|---|---|
| (ഡി) | പദ്ധതിയുടെ വിശദാംശം വിവരിക്കുമോ; പദ്ധതി പൂർത്തിയാക്കാൻ ഇനി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | ആലപ്പുഴ മുൻസിപ്പാലിറ്റിയിലേയും അമ്പലപ്പുഴ താലൂക്കിലെ 8 പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് യുഡിസ്മാറ്റിൻേറയും എൻ.ആർ.ഡി.ഡബ്ള്യു.പി—യുടേയും സഹായത്തോടെ 151.53 കോടി രൂപ മൊത്തം അടങ്കൽ തുകയുള്ള സംയോജിത കുടിവെള്ള പദ്ധതിയാണ്. പത്തനംതിട്ട ജില്ലയിലെ കടപ്രയിൽ സ്ഥാപിക്കുന്ന 10 മീറ്റർ വ്യാസമുള്ള കിണർവഴി പമ്പാനദിയിൽനിന്ന് ശേഖരിക്കുന്ന ജലം 19.30 കി.മീ നീളവും, 1000 മി.മീ വ്യാസവുമുള്ള പൈപ്പുവഴി കരുമാടിയിൽ സ്ഥാപിക്കുന്ന 62 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച ശേഷം 800 മി.മീ വ്യാസമുള്ള പ്രധാന പൈപ്പുലൈൻ വഴി അാലപ്പുഴ മുൻസിപ്പാലിറ്റിയിലേയും 8 സമീപ പഞ്ചായത്തുകളിലേയും നിലവിലുള്ള ഉന്നത തല സംഭരണികളിൽ എത്തിച്ച് ജലവിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.<br><br>പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ എല്ലാ പ്രവൃത്തികളുടേയും ദർഘാസുകൾ 2009 ൽ ക്ഷണിച്ചിട്ടുള്ളതിൽ ശുദ്ധീകരണശാലയുടേയും പുറക്കാട് പഞ്ചായത്തിലെ തോട്ടപ്പള്ളി സോണിലെ വിതരണ ശൃംഖലയുടേയും പണികൾ മാത്രമേ പുരോഗമിച്ചിട്ടുള്ളൂ. ബാക്കിയുള്ള പ്രവൃത്തികളുടെ ദർഘാസുകൾ ഇനിയും തീർപ്പ് കൽപ്പിക്കാനുണ്ട്. |